# T S S G U P സ്കൂൾ തകഴി

## അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025-2006

### ഉള്ളടക്കം


- ❖ അടിസ്ഥാന വിവരങ്ങൾ
- ❖ ആമുഖം
- ❖ ലക്ഷ്യങ്ങൾ
- ❖ വിദ്യാലയത്തിന്റെ ലഘുചരിത്രം
- ❖ വിദ്യാലയം മികവിന്റെ കേന്ദ്രം--കാഴ്ചപ്പാട്
- ❖ പദ്ധതി രൂപീകരണ പ്രക്രിയ--വിവിധ ഘട്ടങ്ങൾ
- ❖ മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- ❖ പദ്ധതി വിശദാംശങ്ങൾ
- ❖ മേഖല, ഉപമേഖല, ലക്ഷ്യം,പ്രവർത്തനങ്ങൾ, കാലം, ചുമതല


പ്രീപ്രൈമറി തലം മുതൽ ഏഴാം ക്ലാസ് വരെ മുന്നൂറോളം കുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നുണ്ട് .പഠന പാഠ്യേതര പ്രവർത്തനങ്ങൾ ചിട്ടയായും മികവോടെയും സ്കൂളിൽ നടന്നുവരുന്നുണ്ട്. പഠന കലാകായിക രംഗങ്ങളിൽ മികച്ച നേട്ടം കൈവരിക്കുവാൻസ്കൂളിന്കഴിഞ്ഞിട്ടുണ്ട്.രാഷ്ട്രീയ,സാമൂഹ്യ,സാഹിത്യ, സാംസ്കാരിക മേഖലകളിൽ മികച്ച നേട്ടം കരസ്ഥമാക്കിയ നിരവധി പ്രതിഭാധനൻമാർ ഈ സ്കൂളിൻറെ പൂർവ്വ വിദ്യാർത്ഥികളാണ് .ലോക പ്രശസ്ത സാഹിത്യകാരൻ തകഴി ശിവശങ്കരപ്പിള്ള തൻറെ വിദ്യാലയ ജീവിതത്തിന് തുടക്കം കുറിച്ച സരസ്വതീക്ഷേത്രം കൂടിയാണ് ഈ വിദ്യാലയം.

### <u>തകഴി ശിവശങ്കരപിള്ള സ്മാരക ഗവണ്മെന്റ് യു പി സ്കൂൾ തകഴി അടിസ്ഥാന വിവരങ്ങൾ</u>

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | റ്റി എസ് എസ് ജി യു പി സ്കൂൾ തകഴി |
| 2. | വിലാസം | തകഴി (പി ഓ ) തകഴി ആലപ്പുഴ |
| 3. | ഫോൺ | 9447676850 |
| 4. | ഇമെയിൽ | tssgups@gmail.com |
| 5. | സ്കൂൾ കോഡ് | 46326 |
| 6. | വിദ്യാഭ്യാസ ഉപജില്ല | തലവടി |
| 7. | വിദ്യാഭ്യാസ ജില്ലാ | കുട്ടനാട് |
| 8. | റവന്യു ജില്ലാ | ആലപ്പുഴ |
| 9. | ബി ആർ സി | തലവടി |
| 10. | സി ആർ സി | TSS GUPS തകഴി |
| 11. | ഗ്രാമ പഞ്ചായത്ത് | തകഴി |
| 12. | വാർഡ് നമ്പർ | 13 |
| 13. | ബ്ലോക്ക് പഞ്ചായത്ത് | ചമ്പക്കുളം |
| 14. | ജില്ലാ പഞ്ചായത്ത് | ആലപ്പുഴ |
| 15. | നിയമസഭാ മണ്ഡലം | കുട്ടനാട് |
| 16. | ലോക സഭ മണ്ഡലം | മാവേലിക്കര |
| 17. | താലൂക്ക് | തകഴി |
| 18. | വില്ലേജ് | തകഴി |

## ആമുഖം

ലോക പ്രശസ്ത സാഹിത്യകാരൻ തകഴി ശിവശങ്കര പിള്ള പ്രാഥമിക വിദ്യാഭ്യാസം ആരംഭിച്ച സരസ്വതീക്ഷേത്രം എന്ന നിലയിലും 1894 ൽ ആരംഭിച്ച് 131 ന്‌റെ നിറവിൽ നിൽക്കുന്ന അനുഭവ പാരമ്പര്യം പേറുന്ന വിദ്യാലയ മുത്തശ്ശി എന്ന നിലയിലും വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അനേകം പ്രതിഭാധനൻമാർ പഠിച്ചിറങ്ങിയ വിദ്യാലയം എന്ന നിലയിലും ഏറെ പ്രശസ്തമായ തകഴി ശിവശങ്കര പിള്ള സ്മാരക ഗവൺമെൻറ് യുപി സ്കൂളിൽ 300 കുട്ടികളും 13 അധ്യാപകരും 3 അനധ്യാപകരും സേവനമനുഷ്ഠിച്ചു വരുന്നുണ്ട്.പ്രീ പ്രൈമറി തലം മുതൽ ഏഴാം ക്ലാസ് വരെ ഇംഗ്ലീഷ്/മലയാളം മീഡിയം ഡിവിഷനുകൾ പന്ത്രണ്ടെണ്ണം നിലവിലുണ്ട്. കുട്ടികളുടെ സർവതോന്മുഖമായ വളർച്ചയ്ക്ക് ഉതകുന്ന തരത്തിൽ അവരുടെ സർഗ്ഗ ശേഷിയെ കണ്ടറിഞ്ഞു പ്രോത്സാഹിപ്പിച്ചു കൊണ്ടുള്ള പഠന പാഠ്യേതര പ്രവർത്തനങ്ങൾ ആണ് സ്കൂളിൽ നടന്നുവരുന്നത്. കലാകായിക ശാസ്ത്ര പ്രവർത്തി പരിചയ മേളകളിൽ സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ശിശു സൗഹൃദ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം ജാതി മത വർഗ്ഗ വർണ്ണ ഭേദമന്യേ എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- പ്രീ പ്രൈമറി തലം മുതൽ ഏഴാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യ പദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അദ്ധ്യാപനവും.
- അദ്ധ്യയനംസർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയത്തിന്‌റെ ചരിത്രം

തകഴി എന്ന കാർഷിക ഗ്രാമത്തിലെ സാധാരണ ജനങ്ങൾക്ക് അറിവ് പകർന്ന് കൊടുക്കുന്നതിനായി 1894 ൽ സ്ഥാപിച്ചതാണ് ഈ വിദ്യാലയം. കുടിപ്പള്ളിക്കൂടം എന്ന് ആദ്യകാലത്ത് അറിയപ്പെട്ടിരുന്ന ഈ വിദ്യാലയം പിന്നീട് മിഡിൽ സ്കൂൾ എന്ന നാമധേയത്തില് അറിയപ്പെട്ടു .ലോകപ്രശസ്ത സാഹിത്യകാരൻ തകഴി ശിവശങ്കരപ്പിള്ള പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കിയത് ഈ വിദ്യാലയത്തിൽ നിന്നായതിനാൽ അദ്ദേഹത്തിൻറെ സ്മരണാർത്ഥം ഈ വിദ്യാലയം 2012ൽ തകഴി ശിവശങ്കരപിള്ള സ്മാരക ഗവൺമെൻറ് യുപിസ്കൂൾ എന്ന് പുനർ നാമകരണം ചെയ്യുകയുണ്ടായി.ഏറെക്കാലം ഈ ദേശത്തെ മുഴുവൻ ജനങ്ങൾക്ക് അക്ഷരവെളിച്ചം പകർന്നു നൽകിയ ഈ വിദ്യാലയത്തിൽ 1500ൽ പരം കുട്ടികളും അതിനനുസൃതമായി നിരവധി ക്ലാസ് റൂമുകളും ഉണ്ടായിരുന്നു. കുട്ടികളുടെ ബാഹുല്യം നിമിത്തം ഷിഫ്റ്റ് സമ്പ്രദായത്തിൽ ആയിരുന്നു ക്ലാസുകൾ പ്രവർത്തിച്ചിരുന്നത്. സാമൂഹിക മുന്നേറ്റത്തിന്‌റെ ഭാഗമായി പിന്നീട് നിരവധി എയ്ഡഡ്/അൺഎയ്ഡഡ്

സ്കൂളുകൾതകഴി പ്രദേശത്ത് സ്ഥാപിക്കപ്പെടുകയുണ്ടായി .തൽഫലമായി ക്രമേണ കുട്ടികളുടെ എണ്ണത്തിൽ കുറവ് ഉണ്ടാവുകയും ചെയ്തു.എങ്കിൽ പോലും ഇതര സർക്കാർ വിദ്യാലയങ്ങളെ അപേക്ഷിച്ച് കൂടുതൽ കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. കലാകായിക ശാസ്ത്ര പ്രവൃത്തിപരിചയ മേളകളിലും പഠന സാഹിത്യരംഗത്തും ഏറെ മികവോടെ മുന്നോട്ടുപോകാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

## വിദ്യാലയം മികവിന്റെ കേന്ദ്രം --കാഴ്ച്ചപ്പാട്

1. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ പങ്കെടുക്കാൻ കുട്ടികൾക്ക് കഴിയുന്നതരത്തിൽ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ, സ്നേഹം, കരുണാ, മാനവികത, ദേശസ്നേഹം, വ്യക്തിശുചിത്വം, സാമൂഹിക ശുചിത്വം, തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കൽ.
2. സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ,ഭിന്ന ശേഷിക്കാർ,ട്രാൻസ്ജെൻഡേർസ് എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തം ഉറപ്പാക്കുന്നതുമായ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
3. ലോകത്തെവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾമികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലെയും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
4. പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.

## പദ്ധതി രൂപീകരണപ്രക്രിയ വിവിധഘട്ടങ്ങൾ

1. SRG യോഗം, PTA യോഗം എന്നിവയിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും
2. കരടു രൂപരേഖ SRG, SMC, PTA, MPTA,STAFF COUNCIL എന്നിവർക്ക് മുൻപിൽ അവതരിപ്പിക്കൽ.
3. ശില്പ ശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷ ശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠന പരിപോഷണം
4. ശാസ്ത്ര പോഷണ പരിപാടി
5. വായന പരിപോഷണം
6. പ്രതിഭാ പോഷണ പരിപാടി
7. ജൈവവൈവിധ്യ പാർക്ക്
8. സാഹിത്യപ്രവർത്തക പരിപാടി
9. പഠനയാത്രകൾ
10. കലാകായിക മേള
11. ഐടി പരിശീലനം
12. അധ്യാപക ശാക്തീകരണ പരിപാടികൾ

13.സജീവമായ ക്ലാസ് പിടിഎ
14.പ്രവർത്തിപരിചയ പഠനം
15.SRG ശാക്തീകരണം
16.ഒന്നാം ക്ലാസ് ഒന്നാം തരം
17.ശാസ്ത്രാഭിരുചി വളർത്തൽ
18.പച്ചക്കറിത്തോട്ടം
19.പോഷകാഹാര പരിപാടി
20.ഗണിത ലാബ് , ഗണിതാന്തരീക്ഷമൊരുക്കൽ
21.ഭാഷാ ലാബ്
22.ടെം മൂല്യനിർണ്ണയം
23.നിരന്തര വിലയിരുത്തൽ
24.ദിനാചരണങ്ങൾ
25.പെൺകുട്ടികൾക്കായി സ്ത്രീ ശാക്തീകരണ പദ്ധതികൾ

# അക്കാദമിക് മാസ്റ്റർപ്ലാൻ എൽ പി വിഭാഗം

| ക്രമ നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് | ചുമതല |
|---|---|---|---|---|---|---|
| 1 | അക്ഷര വെളിച്ചം | എഴുതാനും, വായിക്കാനും അറിയാത്ത2,3,4ക്ലാസ്സിലെകുട്ടികളെഅക്ഷരം അറിയുന്നവർആക്കി മാറ്റി,വായിക്കാനും എഴുതാനുംകഴിവുണ്ടാക്കുക. | അക്ഷരങ്ങൾ,ചിഹ്നങ്ങൾ ഉറപ്പിക്കൽഅക്ഷരകാർഡുകൾ,അക്ഷര ചിത്രം,അക്ഷരപാട്ട്,അക്ഷരകഥകൾ,പദചാർട്ടുകൾ എന്നിവഉപയോഗിച്ചു കൊണ്ടുള്ളവൈവിധ്യപഠനപ്രവർത്തനങ്ങൾ | 2000 | 2025-2026 | എൽപി വിഭാഗം അധ്യാപകർ |
| 2 | വായന മരം/ വായന കൂട്ടം | നന്നായി വായിക്കാനും എഴുതാനും അറിയുന്ന കുട്ടികൾക്കായി ഒരുക്കുന്ന വായന മരം . ഒരു മരത്തിനു ചുറ്റും ലൈബ്രറി പുസ്തകങ്ങൾ ഒരുക്കി വായനക്കൂട്ടം. പുസ്തക ചർച്ച, കവിത, കഥ എന്നിവയുടെഅവതരണം നടത്തി കുറിപ്പ് തയ്യാറാക്കൽ. | മരത്തിനു ചുറ്റും വാക്യ കാർഡുകൾ നൽകി വാക്യ നിർമ്മാണം ,വായന, തുടർന്ന് ഇഷ്ടമുള്ള പുസ്തകങ്ങൾ എടുത്തു വായന, ചർച്ച, പുസ്തകത്തിന്റെ ആസ്വാദന കുറിപ്പ് തയ്യാറാക്കൽ. കഥ, നാടകം, കവിത മുതലായവ കുട്ടിയെ റേഡിയോയിലൂടെ കേൾപ്പിക്കാൻ അവസരം . | 2000 | 2025-2026 | എൽപി വിഭാഗം അധ്യാപകർ |
| 3 | അറിവുത്സവം | പത്രവാർത്തകൾ,ആനുകാലികങ്ങൾഎന്നിവവായിച്ച്അറിവ് നേടുക. ക്വിസ് മത്സരങ്ങൾ/ LSSപരീക്ഷകളിൽഉന്നത വിജയം നേടുക. | ക്ലാസ് ലൈബ്രറിശാക്തീകരണം, പത്ര ക്വിസ്, വാര്യന്ത പതിപ്പ് തയ്യാറാക്കൽ, ക്വിസ് മത്സരങ്ങൾ ,എല്ലാ ആഴ്ച്ചയും നടത്തുന്നു .നോട്ട് ബുക്കിൽ എഴുതുന്നു . | 2000 | 2025-2026 | എൽപി വിഭാഗം അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| 4 | ***"LET'S SPEAK'***<br><br>SPOKEN ENGLISH PROGRAMM | കംപ്യൂട്ടർ സഹായത്തോടെ തയ്യാറാക്കപ്പെടുന്ന പ്രത്യേക പരിപാടി. ഇംഗ്ലീഷ് സംസാരം കേൾക്കാനും പറയാനും ഉള്ള കഴിവ് വർധിപ്പിക്കുന്നു. | കംപ്യൂട്ടർസഹായത്തോടെ പാഠഭാഗത്തെഒരുക്കൽ സ്പോക്കൺഇംഗ്ലീഷിന് പ്രാധാന്യംനൽകുന്ന പരിപാടി | 2000 | 2025-2026 | എൽപി വിഭാഗം അധ്യാപകർ |
| 5 | പരീക്ഷണ കളരി-എന്റെ ഭൂമി | പരിസ്ഥിതിസംരക്ഷണം ശാസ്ത്രകഴിവുകൾ വർദ്ധിക്കുന്നു നിരീക്ഷണം പരീക്ഷണം | പരിസര പഠനആശയങ്ങൾ ഉറപ്പിക്കുന്നതിനുആഴ്ചയിൽ ഒരു പരീക്ഷണം തയ്യാറാക്കുന്നു . | 2000 | 2025-2026 | എൽപി വിഭാഗം അധ്യാപകർ |

# <u>അക്കാദമിക് പ്ലാൻ യു പി വിഭാഗം മലയാളം</u>

| ക്രമ നം | പദ്ധതിയുടെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | എസ്റ്റിമേറ്റ് തുക | കാലയളവ് | ചുമതല |
|---|---|---|---|---|---|---|
| 1 | വായന ചങ്ങാത്തം | വായന പ്രോത്സാഹിപ്പിക്കുക | ഓരോ കുട്ടിയും വായിച്ച പുസ്തകത്തിന്റെ വായനകുറിപ്പും ആസ്വാദന കുറിപ്പും തയ്യാറാക്കുക. കൂടാതെ വായിച്ച പുസ്തകത്തിന്റെ വായന കാർഡ് തയ്യാറാക്കുക. | 50000 | 1 വർഷം | മലയാളം ക്ലബ്ബ് |
| 2 | വായനാലോകം | ദിനപത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ വായന | ഓരോ ക്ലാസിലും പത്രം ആനുകാലികപ്രസിദ്ധീകരണങ്ങൾതുടങ്ങിയവവിതരണം ചെയ്യുകയുംഓരോമാസാവസാനവും പത്രക്വിസ് നടത്തുകയും ചെയ്യുംമലയാളസാഹിത്യത്തിലെ കാര്യങ്ങൾ വായിക്കാൻ ഹൃദിസ്ഥമാക്കുകയുംചെയ്യുന്നു | 5000 | 1 വർഷം | മലയാളം ക്ലബ്ബ് |
| 3 | വിജ്ഞാന ചെപ്പ് | അറിവുവർദ്ധന ഓർമ്മ വർദ്ധന | മലയാളസാഹിത്യത്തിലെ കാവ്യങ്ങൾ വായിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്യുന്നു | | 1 വർഷം | മലയാളം ക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ യു .പി .എച്ച് .എസ് ഇംഗ്ലീഷ്

| ക്രമനം | പദ്ധതി | പ്രശ്നം | പ്രവർത്തനങ്ങൾ | എസ്റ്റിമേറ്റ് തുക | കാലയളവ് | ചുമതല |
|---|---|---|---|---|---|---|
| **1** | ഈസിഇംഗ്ലീഷ് | ഇംഗ്ലീഷ് പഠന പിന്നോക്കാവസ്ഥ | അടിസ്ഥാന ഭാഷശേഷി വികസനം Cartoon, News, Poems കേൾക്കാനുള്ള അവസരം | | **2025-2026** | ഇംഗ്ലീഷ് ക്ലബ്ബ് |
| **2** | ഇംഗ്ലീഷ്അസംബ്ലി | അടിസ്ഥാന ഭാഷ ശേഷിക്കുറവ് | News Reading, Book Reading Speech | | June-March | ഇംഗ്ലീഷ് ക്ലബ്ബ് |
| **3** | നോട്ടീസ് ബോർഡ് സ്ഥാപിക്കൽ | ലേഖനത്തിനുള്ളശേഷി വർദ്ധിപ്പിക്കുക | Word game,Puzzles one word one day | | June-January | ഇംഗ്ലീഷ് ക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ യു .പി . ഹിന്ദി

| ക്രമനം | പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | എസ്റ്റിമേറ്റ് തുക | കാലയളവ് | ചുമതല |
|---|---|---|---|---|---|---|
| 1 | സരൾ ഹിന്ദി | ഹിന്ദി ഭാഷയിൽ എഴുത്തുംവായനയുംവശമില്ലാത്തകുട്ടികളെഅതിനുപ്രാപ്തരാക്കാൻ. | അക്ഷരമാല ചാർട്ട്, പദ ചാർട്ട്,പലതരംചിത്രങ്ങൾ | | 2025-2026 | ഹിന്ദിക്ലബ്ബ് |
| 2 | മീട്ടി ഹിന്ദി | ഹിന്ദി ഭാഷ ആശയംസ്വയത്തമാക്കാൻപ്രയാസമനുഭവിക്കുന്ന കുട്ടികളെ ഭാഷകൈകാര്യംചെയ്യാൻപ്രാപ്തമാക്കാൻ | ശ്രവിച്ച് ആസ്വദിച്ച് പഠിച്ച് എടുക്കുന്നതിന് ഹിന്ദികവിതകൾപരിചയപ്പെടുത്തുന്നു. ലോഗോ കൃതികൾ,പ്രമുഖരുടെഭാഷണങ്ങൾ, തുടങ്ങിയവ കൂട്ടി റേഡിയോതുടങ്ങിയശ്രവ്യ സ്രോതസ്സുകളിലൂടെ കുട്ടികളിൽ എത്തിക്കുക. | | 2025-2026 | ഹിന്ദിക്ലബ്ബ് |
| 3 | സുഗമ ഹിന്ദി | ആശയവിനിമയം നടത്താൻപ്രയാസമനുഭവിക്കുന്ന കുട്ടികളെ ആശയവിനിമയത്തിന് പ്രാപ്തരാക്കൽ | ഹിന്ദി ഭാഷ ക്യാമ്പ് ,കവിതാരചന, കഥാരചന, അഭിനയം, തുടങ്ങിയ പ്രവർത്തനങ്ങൾ ഒരുക്കുന്നു. | | 2025-2026 | ഹിന്ദിക്ലബ്ബ് |
| 4 | നവ ജ്യോതിസ് | ഭാഷ അഭിരുചി മുഴുവൻകുട്ടികളിലും എത്തിക്കാൻ | ഹിന്ദി അസംബ്ലി സെമിനാറുകൾ. | | 2025-2026 | ഹിന്ദിക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ സംസ്കൃതം

| ക്രമനo | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ഭൗതികം | പിന്തുണ സംവിധാനങ്ങൾ |
|---|---|---|---|---|---|---|
| 1 | ഭാഷണം | ആശയങ്ങളുടെ വാചിക പ്രവണത<br>ചിത്രങ്ങൾ കഥാ ചിത്രങ്ങൾ വായന കാർഡ്ICTസാദ്ധ്യതകൾ സംഭാഷണത്തിനുള്ള അവസരങ്ങൾ | 1 മുതൽ 7 വരെ | നിരന്തരപ്രവർത്തനം | **ICT** ചിത്രങ്ങൾ വായന കാർഡ്ബ്ലോഗ് ചിത്രങ്ങൾ TV റേഡിയോ | അധ്യാപിക |
| 2 | വായന | അക്ഷരങ്ങൾതിരിച്ചറിഞ്ഞ് ഉച്ചാരണ ശുദ്ധിയോടെയുള്ള വായന,അക്ഷരം ,പദം വാക്യ കാർഡുകൾ വായന /കാർഡ് എന്നിവ നൽകുന്നു പാഠഭാഗം വായനനിലവാരത്തിന്നനുസരിച്ച് ഓരോ ക്ലാസ്സിലും സംസ്കൃത ലഘു പുസ്തക വിതരണം | 1 മുതൽ 7 വരെ | നിരന്തരപ്രവർത്തനം | അക്ഷര പദ കാർഡുകളുടെനിർമ്മാണം കഥാ ചിത്രങ്ങൾ നൽകി കഥ എഴുതുക മാതൃക നോക്കി എഴുത്ത് കേട്ടെഴുത്ത് വരികൾ കൂട്ടി ചേർക്കൽ ഫോർട്ട് ഫോളിയോ അക്ഷരപുസ്തകം | അധ്യാപിക |
| 3 | ലേഖനം- സ്വായത്തമാക്കിയ അക്ഷരങ്ങൾകൂട്ടി ചേർത്ത് അർത്ഥപൂർണമായ പദങ്ങൾ വാക്യങ്ങൾ എന്നിവ എഴുതുക | അക്ഷരപദ കാർഡുകളുടെ നിർമ്മാണം<br>മാതൃക നോക്കി എഴുത്ത്<br>കഥ എഴുത്ത്<br>വരികൾകൂട്ടിച്ചേർക്കൽ<br>കേട്ടെഴുത്ത്<br>ഏകം പദം ഏകം ദിനം | 1 മുതൽ 7 വരെ | നിരന്തര പ്രവർത്തനം | വായന സാമഗ്രികൾ<br>പ്രദർശന ഫലകം | അധ്യാപിക |

# അക്കാദമിക് മാസ്റ്റർ പ്ലാൻ സയൻസ്

| ക്രമനo | പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഏജൻസി |
|---|---|---|---|---|---|
| 1 | ജീവനം<br>ഔഷധസസ്യതോട്ടം<br>കാട്സംരക്ഷണം<br>ജൈവവൈവിധ്യ പാർക്ക് | ഔഷധസസ്യങ്ങളെ കുറിച്ച്അവബോധം ഉണ്ടാക്കുന്ന സസ്യസംരക്ഷണം. | ചിത്രപ്രദർശനം<br>വീഡിയോപ്രദർശനം<br>തനിക്ക്ചുറ്റുമുള്ളഔഷധ സസ്യങ്ങളെ കണ്ടെത്തൽ<br>വിവരശേഖരണം<br>പുസ്തകശേഖരണം<br>വീഡിയോ നിർമ്മാണം<br>ചെടികളെകണ്ടെത്തൽആൽബം നിർമ്മാണം | 2025-2026 | ഫോറെസ്റ്റ് ഡിപ്പാർട്മെന്റ് |

| | | | | | |
|---|---|---|---|---|---|
| 2 | ശാസ്ത്രകൗതുകം | ശാസ്ത്രജ്ഞന്മാരെ അറിയൽ | സയൻസ്കോർണർ, ആൽബംനിർമ്മാണം, ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ ശാസ്ത്രപഠനോപകരണം . | 2025-2026 | **സയൻസ്** |
| 3 | ശാസ്ത്ര വിസ്മയം | ശാസ്ത്രപഠനോ പകരണ നിർമ്മാണം | പാഠപുസ്തകവുമായി ബന്ധപ്പെട്ട ശാസ്ത്ര പഠനോപകാരണങ്ങൾ നിർമ്മിക്കൽ, പ്രദർശനം | **2025-2026** | **സയൻസ്** |

# അക്കാദമിക് മാസ്റ്റർ പ്ലാൻ യു പി വിഭാഗം ഗണിതം

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | എസ്റ്റിമേറ്റ് തുക | ഏജൻസി |
|---|---|---|---|---|---|---|
| **1** | ഗണിതലാബ് | ഗണിത പഠനം എളുപ്പമാക്കാൻനിർമ്മിതിയുടെ തത്വ രൂപീകരണം | ഗണിത ലാബ് നിർമ്മാണം, ഗണിതപുസ്തകം,ഗണിതരൂപങ്ങൾ, പഠനോപകരണം, ഗണിത ചാർട്ടുകൾ, ഗണിത ചിത്രം വര, ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടൽ. | 1 വർഷം | | |
| 2 | ഗണിതകേളി | ഗണിതത്തിൽ പിന്നോക്കക്കാരെ മുന്നിലെത്തിക്കാൻ | കളിപ്പാട്ട നിർമ്മാണം, കമ്പ്യൂട്ടർ ഗെയിം ജോമട്രിക്കൽ പാറ്റേൺസ് മോഡൽ നിർമ്മാണം | | | |
| 3 | ചതുഷ്ക്രിയ ബോധം | ചതുഷ്ക്രിയ ഉറപ്പാക്കൽ | ഗണിതകേളി ഗണിത ലാബ് എന്നിവയുടെ സഹായത്തോടെ ചതുഷ്ക്രിയ പഠനം ഉറപ്പാക്കൽ | | | |

# മേഖല യു പി സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹികശാസ്ത്രത്തിന്റെഅറിവുകൾ ആശയങ്ങൾഇവപരിശോധിക്കൽനേടിയെടുക്കൽ | അംഗതട്ട്<br>കളിയിൽ നിന്ന്കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായിബന്ധപ്പെട്ട്പഠിതാവിന്റെഅടിസ്ഥാനതലഅറിവ്പരശോധിക്കുന്നതിന്പ്രഹേളികകൾഓരോപഠിതാവിനുംനൽകുന്നു.<br>ഓർമ്മചെപ്പ് | അക്കാദമവർഷാരംഭം (ജൂൺ)<br>അക്കാദമികവർഷാരംഭം (ജൂൺ) | സമുഖ്യശാസ്ത്രഅധ്യപകൻ/അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| | അന്തർദേശീയതലംമുതൽ ജില്ലാതലംവരെയുള്ളനദികൾ,ഭൂപ്രകൃതിതലസ്ഥാങ്ങൾ,ജൈവവൈവിധ്യങ്ങൾതുടങ്ങിയഅടിസ്ഥാനവിവരങ്ങൾ ആസ്പദമാക്കിICTസാധ്യതകൾ ഉപയോഗിച്ച്മെമ്മറി ടെസ്റ്റ് നടത്തുന്നു | | | |
| പഠിതാക്കളെചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക<br>VIRTUAL FIELD TRIP | ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമി വർഷാരംഭം (ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യപകൻ/അദ്ധ്യാപിക | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽനിന്ന്അരങ്ങത്തേക്ക് ഗ്രാമസഭ/വാർഡുസഭാഎന്നിവയിൽമാതാപിതാക്കളോടൊപ്പംപങ്കെടുത്ത്ജനാധിപത്യരീതിയുടെഅടിസ്ഥാനതലംമനസിലാക്കുന്നു | അക്കാദമി വർഷാരംഭം (ജൂൺ | സാമൂഹ്യ ശാസ്ത്രഅധ്യപകൻ/അദ്ധ്യാപിക | |
| സഹജീവികളോട്സമഭാവനവളർത്തിയെടുക്കാൻപ്രോത്സാഹിപ്പിക്കുന്നു | <u>നന്മയുടെ നുറുങ്ങുവെട്ടം</u><br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ കുറിച്ച് മനസിലാക്കുക അവരെ തങ്ങളാൽ ആവും വിധം സഹായിക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കുക മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ അവർക്ക് വീടുകളിൽ കൊണ്ട് കൊടുക്കുക | അക്കാദമി വർഷാരംഭം (ജൂൺ | സാമൂഹ്യ ശാസ്ത്രഅധ്യപകൻ/അദ്ധ്യാപിക | PTA |
| സുസ്ഥിര വികസന കാഴ്ചപ്പാട്രൂപപ്പെടുത്തുന്നു | കാടിനെ മനസിലാക്കുവാൻ<br><br>പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ തണ്ണീർത്തടങ്ങൾ ജലാശയങ്ങൾ കാടുകൾ എന്നിവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമി വർഷാരംഭം (ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യപകൻ/അദ്ധ്യാപിക | |

ഒരു വ്യക്തിയുടെ വികസനപ്രക്രിയയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് അതുല്യമായ സ്ഥാനമാണുള്ളത്. കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ വികസനത്തിന് കായികാഭ്യാസവും യോഗകാര്യങ്ങളും ചെയ്യുന്നതിന് പാഠ്യ പദ്ധതി അവസരമൊരുക്കുന്നു .കായികക്ഷമതയ്ക്ക് പുറമേ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ ശാരീരിക വളർച്ച കൗമാര പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച അവബോധവും ആരോഗ്യ കായിക വിദ്യാഭ്യാസത്തിൻറെ ഭാഗമാണ് അതോടൊപ്പം താല്പര്യം കായികവിനോദങ്ങളും മേഖലകൾ തിരഞ്ഞെടുത്ത് അവയിൽ സ്കോർ നേടുന്നതിന് അവരെ തയ്യാറാക്കുന്നതിന് കായിക വിദ്യാഭ്യാസത്തിലൂടെ സാധിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രമനമ്പർ | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 1 | രക്ഷകർതൃബോധവൽക്കരണംവിദ്യാർത്ഥി ബോധവൽക്കരണ ക്ലാസ് | ക്ലാസ്ടീച്ചർകായികചുമതലയുള്ള അധ്യാപകർ | | | |
| 2 | ഏറോബിക്സ് യോഗ പരിശീലനം | പി ടി എ | | | |
| 3 | പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലനം | കായികാധ്യാപകൻ | | **5000/-** | പഞ്ചായത്ത് |
| 4 | ഒഴിവു ദിവസങ്ങളിൽ പരിശീലനം | കായിക സമിതി | | | |
| 5 | കായിക പഠനത്തിനു താല്പര്യമുള്ള കുട്ടികളെ കണ്ടെത്താൻ ഇനം നിശ്ചയിക്കൽ | കായിക വകുപ്പ് | | | |

കാലം വളരെ വേഗം മുന്നോട്ടു കുതിക്കുകയാണ്. എല്ലാ മേഖലകളിലും നിരവധി മാറ്റങ്ങൾ കാണാനുണ്ട്. അത് അനിവാര്യമാണ് താനും. എന്നാൽ മൂല്യങ്ങളും ധാർമികബോധവുംഅച്ചടക്കവുംദേശീയബോധവുംഅപ്രസക്തമായിക്കൊണ്ടിരിക്കുന്നു. സമൂഹത്തിനും കുടുംബത്തിനും നാടിനും ഉതകുന്ന പൗരന്മാരാക്കി കുട്ടികളെ വാർത്തെടുക്കാൻ വിദ്യാലയങ്ങൾക്ക് മാത്രമേ കഴിയു. ലഹരിക്കും ജാതി-മത ചിന്തകൾക്കും എതിരെ പുതുതലമുറയെ വളർത്തിക്കൊണ്ടുവരാൻ ഗുണമേന്മയുടെ വിദ്യാഭ്യാസത്തെ മാത്രമേ കഴിയൂ എന്നതിന് യാതൊരു സംശയവും ഇല്ല . അതിനായി ചിട്ടയോടും ആസൂത്രണമികവോടും വിദ്യാലയ പ്രവർത്തനങ്ങൾ നടത്തേണ്ടതിനായിട്ടാണ് സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. കുട്ടികൾ, അധ്യാപകർ, വിദ്യാഭ്യാസ വകുപ്പ് ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവയെല്ലാം ഏകോപിപ്പിച്ച് ഒരേലക്ഷ്യത്തോടെ ഒറ്റക്കെട്ടായി മുന്നോട്ടു പോയാൽ ഭാവിതലമുറയെ നേർവഴിക്ക് കൊണ്ടുവരാൻ കഴിയും.